ശ്രീ. പി. എം. വർഗ്ഗീസ്: നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തിന് ഇപ്പോൾ പറഞ്ഞ സ്ഥലങ്ങളിലെ കണക്കുകൾ എല്ലാം പള്ളിക്കൂടത്തിൽ പോകുന്നവരെയാണോ സി യുടെ ഉത്തരത്തിൽനിന്നും മനസ്സിലാക്കുന്നത്. അല്ലാതെയാണോ, സ്കൂളിൽ പോകാത്ത കണക്കുകളില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ സ്കൂളിൽ പോകാത്ത കണക്കുകൾ ഇല്ലെന്നാണ് ധാരണ.

ശ്രീ. ജോസഫ്: വിദ്യാഭ്യാസത്തിനുവേണ്ടി തിരുവിതാംകൂറിൽനിന്നും ചില വാക്കുകൾ ഇംഗ്ലീഷിലെ മൊഴിയുടെ ഇൻഡ്യാഗവർമ്മെന്റിൽനിന്നും സബ്സിഡിയായിട്ടു കിട്ടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസപദ്ധതി

*൧൭൭. (൩൯) ശ്രീ. പി. കെ. കുഞ്ഞൻതരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രി ദയവു മറുപടി നൽകുമോ.—

(എ) നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ, എല്ലാവരും നിയമം പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ വല്ല ഉദ്യോഗസ്ഥന്മാരെയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ ഉദ്യോഗപ്പേരു പറയാമോ;

(സി) ഈ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) പ്രൈമറി സെക്കന്റ് മിഡിൽ സ്കൂൾസ് ഇൻസ്പെക്ടർ എന്നും സബ് ഇൻസ്പെക്ടർ എന്നും.

(സി) ഉണ്ട്.

Sri. P. S. Nataraja Pillai: May I ask, is the Attendance committee functioning all these years?

ശ്രീ. ടി. കെ. നാരായണപിള്ള: അറ്റൻഡൻസ് കമ്മിറ്റി ഇപ്പോഴും എല്ലായിടത്തും ഉദ്ദേശിതമായിട്ട് പ്രവർത്തനം നടത്തുന്നുവെന്ന് തോന്നുവാൻ പാടില്ല.

Written Answers

തൊഴിലാളികളുടെ ഉന്നമനത്തിനുള്ള പുതിയനിയമം

*൧൭൮. (൪൯) ശ്രീ. ഫിലിപ്പോസ് തോമാച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നിലവിലുള്ള തൊഴിലാളികളുടെ ഉന്നമനത്തെ ലാക്കാക്കി എന്തെങ്കിലും പ്രത്യേക നിയമം നിലവിലുണ്ടോ?

(ബി) ഇല്ലെങ്കിൽ ഈ കുറവു പരിഹരിക്കണമെന്നു ഗവർമ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

(എ) വക്കുമെൻസ് കാമ്പ സൻസേഷൻ ആക്ട് പ്രകാരം തൊഴിലാളികൾ കൂടുതൽ വേലചെയ്യുന്ന തോട്ടങ്ങളിൽ ബാധകമാണ്. പ്രൊമെൻറ്റാഫ് വേജസ് ആക്ടും തോട്ടം തൊഴിലാളികൾക്കു ബാധകമാക്കിട്ടുണ്ട്. കൂടാതെ ഇൻഡ്യാ ഗവണ്മെൻറിൽനിന്നു തോട്ടം തൊഴിലാളികളുടെ പൊതുവേയുള്ള ക്ഷേമത്തെ പുരസ്കരിച്ച് ഒരു പ്ലാൻേറഷൻ ബോർഡു രൂപവൽക്കരിച്ചിട്ടുണ്ട്. ആയതു അടുത്ത് ഡൽഹിയിൽ കൂടുന്ന ത്രികക്ഷിസമ്മേളനത്തിൽ ചർച്ചാ വിഷയമാകുന്നതാണ്.

(ബി) മുകളിൽ കൊടുത്തിരിക്കുന്ന ഉത്തരം നിമിത്തം ഈ ചോദ്യം ഉദ്ഭവിക്കുന്നില്ല.

മുളങ്കുന്നത്തുകാവു ക്ഷയരോഗാശുപത്രി

*ഫ ൈ൯. (൪൩) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുളങ്കുന്നത്തുകാവു ക്ഷയരോഗാശുപത്രി കെട്ടിടത്തിൻെറ പണി പൂർത്തിയായോ;

(ബി) ആശുപത്രിയുടെ ഉൽഘാടനം എപ്പോൾ എന്നു പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ.)

(എ) ഇല്ല; ചില പണികൾ തീരുവാനുണ്ട്. പക്ഷെ, ഇപ്പോൾ ക്ഷയരോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുണ്ട്.

(ബി) ആശുപത്രിയുടെ ഉൽഘാടനം താമസിയാതെ നടത്തുന്നതാണ്.

കൊടുങ്ങല്ലൂർ ആശുപത്രി

*ഫ വ൦. (൪൭) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടുങ്ങല്ലൂർ ആശുപത്രിയുടെ വടക്കുംഭാഗംകൂടി ആശുപത്രി ആവശ്യത്തിലേക്ക് വിനിയോഗിച്ചും ആശുപത്രിയുടെ തൽക്കാലവിഷമതകളും പരിഹരിക്കണമെന്നു ഗവണ്മെൻറിനു നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഉപദേശക സമിതി പ്രസ്തുതകാര്യം നിർദ്ദേശിച്ചുതുടങ്ങിയിട്ട് എത്ര കാലമായി?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഇല്ല. ആശുപത്രിയുടെ വടക്കുഭാഗം ആശുപത്രി ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

കൊക്കപ്പുഴു നിവാരണപദ്ധതി

*ഫ വ൫. (൪൮) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) Hook worm campaign പ്രമാണിച്ച് അഞ്ചുകൊല്ലങ്ങൾക്കു മുൻപു കൊടുങ്ങല്ലൂരിൽ പണിയുവാൻ തീരുമാനിച്ചു കരാർ എല്പിക്കുകയും സ്ഥലം അക്വയർ ചെയ്യുകയും ചെയ്ത കക്കൂസു പണികൾ ഇനി എപ്പോൾ നടത്തും;

LIBRARY ARCHIVES Kerala Legislative Assembly